സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 59 ലക്കം: 140 2024 സെപ്തംബർ 14 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

റെക്കോഡ് കല്യാണത്തിന് പിന്നാലെ ഗുരുവായൂർ ക്ഷേത്രത്തിന് ഒരു മാസത്തെ വരുമാനം ആറ് കോടി

തൃശൂർ: ചരിത്രത്തിലെ ഏറ്റവും വലിയ കല്യാണ മേളം നടന്ന മാസം വരുമാനത്തിന്റെ കാര്യത്തിലും റെക്കോഡടിച്ച് ഗുരുവായൂർ ക്ഷേത്രം. ഈ മാസം ഇതുവരെയുള്ള ഭണ്ഡാര വരവ് 5.80 കോടി രൂപ കടന്നു. ഗുരുവായൂർ ക്ഷേത്രത്തിൽ 2024 സെപ്തംബർ മാസത്തെ ഭണ്ഡാരം എണ്ണൽ ഇന്ന് പൂർത്തിയായപ്പോൾ 58081109 രൂപയാണ് ഇതുവരെ ലഭിരിക്കുന്നത്. ഇതിനൊപ്പം രണ്ട് കിലോ 626 ഗ്രാം 500 മില്ലിഗ്രാം സ്വർണ്ണവും ലഭിച്ചു. 17കിലോ 700ഗ്രാം വെള്ളിയും ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പിൻവലിച്ച രണ്ടായിരം രൂപയുടെ 29ഉം നിരോധിച്ച ആയിരം രൂപയുടെ 13ഉം അഞ്ഞൂറിന്റെ 114 കറൻസിയും ലഭിച്ചു. എസ് ഐ ബി ഗുരുവായൂർ ശാഖയ്ക്കായിരുന്നു എണ്ണൽ ചുമതല. കിഴക്കേ നട ഇ - ഭണ്ഡാരം വഴി 5.39 ലക്ഷം രൂപയും പടിഞ്ഞാറെ നടയിലെ ഇ ഭണ്ഡാരം വഴി 34146 രൂപയും ലഭിച്ചതായി അധികൃതർ അറിയിച്ചു.

കേരളാഹൗസിലെത്തി മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി ഇപി ജയരാജൻ

ന്യൂഡൽഹി: വിവാദങ്ങൾക്കിടയിൽ കേരളാഹൗസിലെത്തി മുഖ്യമന്ത്രി പിണറായി വിജയനുമായി കൂടിക്കാഴ്ച നടത്തി ഇപി ജയരാജൻ. നടന്നത് സാധാരണ കൂടിക്കാഴ്ചയാണെന്നും കഴിഞ്ഞ ദിവസവും കണ്ടിരുന്നുവല്ലോയെന്നും ഇപി മാധ്യമങ്ങോട് പ്രതികരിച്ചു. രാഷ്ട്രീയം അതിന്റെ വേദിയിൽ ചർച്ച ചെയ്യാം. സീതാറാമിന്റെ ഓർമകളാണ് ഞങ്ങളുടെ മനസ്സിലെന്നും അദ്ദേഹം കൂട്ടിചേർത്തു.

എൽ.ഡി.എഫ് കൺവീനർ സ്ഥാനത്ത് നിന്ന് നീക്കിയതിന് പിന്നാലെ സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റ് യോ?ഗത്തിൽ നിന്നും ചടയൻ ഗോവിന്ദൻ അനുസ്മരണ ചടങ്ങിൽ നിന്നും ഇപി വിട്ടുനിന്നിരുന്നു. കഴിഞ്ഞ സെക്രട്ടേറിയറ്റ് യോഗത്തിൽ വെച്ചാണ് കൺവീനർ സ്ഥാനത്ത് നിന്ന് ഇ.പിയെ നീക്കിയത്. യോഗത്തിന് ശേഷം സംസ്ഥാന സമിതി യോഗത്തിൽ പങ്കെടുക്കാതെ ഇ.പി. ജയരാജൻ കണ്ണൂരിലേക്ക് പോയിരുന്നു.

'ഇ.പി. ആയുർവേദ ചികിത്സയിലാണ്, അല്ലാതെ അതൃപ്തിയൊന്നും ഇല്ല. രാവിലെ വീട്ടിൽ പോയാൽ നിങ്ങൾക്ക് അദ്ദേഹത്തെ കാണാം' എന്നായിരുന്നു ചടയൻ ഗോവിന്ദൻ അനുസ്മരണ പരിപാടിയിലെ ഇപിയുടെ അസാന്നിധ്യത്തിൽ സി.പി.എം. കണ്ണൂർ ജില്ലാ സെക്രട്ടറി എം.വി. ജയരാജന്റെ പ്രതികരണം.

അന്നപൂർണ വിവാദം: ധനമന്ത്രി വിഷയം കൈകാര്യം ചെയ്ത രീതി നാണക്കേട്; ജനങ്ങൾ

ന്യൂഡൽഹി: അന്നപൂർണ വിവാദത്തിൽ ധനമന്ത്രി നിർമല സീതാരാമനെതിരെ വിമർശനവുമായി തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ. ന്യായമായ ആവശ്യങ്ങളാണ് അന്നപൂർണ റസ്റ്ററന്റ് ഉടമ നിർമല സീതാരാമന് മുമ്പാകെ ഉന്നയിച്ചത്. എന്നാൽ, അവർ വിഷയം കൈകാര്യം ചെയ്ത രീതി നാണക്കേടുണ്ടാക്കുന്നതാണ്. ജനങ്ങൾ ഇതെല്ലാം കാണുന്നുണ്ടെന്ന് ധനമന്ത്രി ആലോചിക്കണമെന്നും സ്റ്റാലിൻ പറഞ്ഞു.

കഴിഞ്ഞ ദിവസം കൂടി തമിഴ്നാടിന് സഹായം നൽകിയെന്നാണ് ധനമന്ത്രി പറഞ്ഞത്. എന്നാൽ, ഇതുവരെ ആനുകൂല്യങ്ങളൊന്നും ധനമന്ത്രി നൽകിയിട്ടില്ലെന്നും സ്റ്റാലിൻ പറഞ്ഞു. തമിഴ്നാട്ടിലെ ചെറുകിട റസ്റ്ററന്റ് ശൃംഖലയായ അന്നപൂർണയുടെ ഉടമ ശ്രീനിവാസൻ, ജി.എസ്.ടിയെ കുറിച്ചുള്ള പരാമർശത്തിന് പിന്നാലെ ധനമന്ത്രി നിർമല സീതാരാമനോട് മാപ്പപേക്ഷിച്ച സംഭവം ദേശീയ തലത്തിൽ വിവാദമായിരുന്നു.

കോയമ്പത്തൂരിൽ നിർമല സീതാരാമൻ പങ്കെടുത്ത ബിസിനസ് പരിപാടിയിലാണ് അന്നപൂർണ റസ്റ്ററന്റ് ഉടമ ജി.എസ്.ടിയുടെ പോരായ്മകൾ ചൂണ്ടിക്കാട്ടിയത്. എന്നാൽ മറുപടി നൽകാതെ ചിരിക്കുക മാത്രമാണ് നിർമല സീതാരാമൻ ചെയ്തത്. പിന്നീട് നിർമല സീതാരാമനോട് റസ്റ്ററൻറ് ഉടമ മാപ്പപേക്ഷിക്കുന്നതിന്റെ വിഡിയോ പുറത്ത് വരികയും ചെയ്തു.

ജി.എസ്.ടിയിലെ അപാകതകൾ മൂലം റസ്റ്ററന്റ് ഉടമകൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട് എന്നാണ് അന്നപൂർണ ഉടമ ധനമന്ത്രിയെ ധരിപ്പിക്കാൻ ശ്രമിച്ചത്. ക്രീമുള്ള ബണ്ണിന് 18 ശതമാനം ജി.എസ്.ടി ചുമത്തുമ്പോൾ, സാധാരണ ബണ്ണിന് ജി.എസ്.ടി ഇല്ലെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഇതുകാരണം കസ്റ്റമേഴ്സ് സ്ഥിരമായി പരാതി പറയാറുണ്ട്. നിങ്ങൾ ബണ്ണ് തന്നാൽ മതി, ജാമും ക്രീമും ഞങ്ങൾ ചേർത്തോളാം എന്നാണ് പറയാറുള്ളതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. തമിഴ്നാട് ഹോട്ടൽ ഓണേഴ്സ് ഫെഡറേഷൻ ചെയർപേഴ്സൺ കൂടിയാണ് ശ്രീനിവാസൻ.

പിന്നീട് കോയമ്പത്തൂർ സൗത്ത് എം.എൽ.എ വനതി ശ്രീനിവാസന്റെ സാന്നിധ്യത്തിൽ നടന്ന സ്വകാര്യ പരിപാടിയിൽ ശ്രീനിവാസൻ നിർമലയോട് മാപ്പപേക്ഷിക്കുകയായിരുന്നു. ഇതി?ന്റെ വിഡിയോ ബി.ജെ.പി തമിഴ്നാട് ഘടകത്തിന്റെ എക്സിൽ പോസ്റ്റ് ചെയ്തു.

വ്യാപക വിമർശനമാണ് വിഡിയോക്കെതിരെയുണ്ടായത്. എന്തിനാണ് ഇത്തരമൊരു വിഡിയോ ബി.ജെ.പി പങ്കുവെച്ചത് എന്നായിരുന്നു പ്രധാന ആക്ഷേപം. ചെറുകിട കച്ചവടക്കാരുടെ അഭ്യർഥനകൾ അഹങ്കാ?രത്തോടെയും ബഹുമാനമില്ലാതെയുമാണ് ധനമന്ത്രി പരിഗണിക്കുന്നതെന്ന് ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി വിമർശിച്ചിരുന്നു.

ഗർഭസ്ഥ ശിശുവും അമ്മയും മരിച്ച സംഭവത്തിൽ ആശുപത്രിക്കെതിരെ കുടുംബം

കോഴിക്കോട്: ഉള്ളേരിയിൽ സ്വകാര്യ ആശുപത്രിയിൽ ഗർഭസ്ഥ ശിശുവും അമ്മയും മരിച്ച സംഭവത്തിൽ ചികിത്സിച്ച ആശുപത്രിക്കെതിരെ ആരോപണവുമായി അശ്വതിയുടെ കുടുംബം. എന്തിനാണ് കീറി മുറിക്കുന്നത് എന്ന് ഡോക്ടർ ചോദിച്ചു എന്നാണ് ഭർത്താവ് വിവേക് ഒരു മാദ്ധ്യമത്തോട് പ്രതികരിച്ചത്.

ഡോക്ടർ സിസേറിയൻ ചെയ്യാമെന്ന് ആദ്യം പറഞ്ഞു. വേദന കൂടിയതോടെ സിസേറിയൻ ചെയ്യാൻ ആവശ്യപ്പെട്ടിട്ടും തയ്യാറായില്ല. എന്തിനാണ് കീറി മുറിക്കുന്നത് എന്ന് ഡോക്ടർ ചോദിച്ചു. വേദന തുടങ്ങി നില വിളിച്ചിട്ടും കള്ളം പറയുകയാണെന്ന് പറഞ്ഞുവെന്നും വിവേക് ആരോപിക്കുന്നു.

നേരത്തെ കാണിച്ചിരുന്ന ഡോക്ടറെ കാണണമെന്ന് ആവശ്യപെട്ടിട്ടും കാണിച്ചില്ല. സ്ഥിരം കാണിച്ചിരുന്ന ഡോക്ടർ അന്ന് ഡ്യൂട്ടിയിൽ ഇല്ലായിരുന്നു. ഡോക്ടർ ഉണ്ടെന്ന് കള്ളം പറഞ്ഞുവെന്നും അശ്വതിയുടെ കുടുംബം ആരോപിച്ചു. വെന്റിലേറ്ററിൽ കിടക്കുമ്പോഴും ബന്ധുക്കളെ അറിയിച്ചത് പ്രശ്നം ഇല്ലെന്നാണ്.

പിന്നീട് പെട്ടെന്ന് ഹോസ്പിറ്റലിൽ മാറ്റണം എന്ന് ബന്ധുക്കളോട് ആവശ്യപ്പെടുകയായിരുന്നു. ബന്ധുക്കളെ അറിയിക്കുന്നതിന് മുമ്പ് ആശുപത്രി മാറ്റാൻ നീക്കം നടത്തി. വേറെ ആശുപത്രിയിലേക്ക് മാറ്റാൻ ആശുപത്രി നേരിട്ടാണ് നീക്കം നടത്തിയതെന്നും അശ്വതിയുടെ കുടുംബം ആരോപിക്കുന്നു. അശ്വതിയുടെ ആരോഗ്യസ്ഥിതി മറച്ചുവച്ചെന്നും കുടുംബം പ്രതികരിച്ചു.

ആശുപത്രിയുടെ ഭാഗത്ത് നിന്നും ചികിത്സാപ്പിഴവ് ഉണ്ടായെന്ന് കാണിച്ച് ബന്ധുക്കൾ നൽകിയ പരാതിയിൽ അത്തോളി പോലീസ് കേസെടുത്തിട്ടുണ്ട്. എകരൂർ ഉണ്ണികുളം സ്വദേശി വിവേകിന്റെ ഭാര്യ അശ്വതിയും ഗർഭസ്ഥ ശിശുവും കഴിഞ്ഞ ദിവസമാണ് മരിച്ചത്. ഉള്ളേരിയിലെ മലബാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രസവത്തിനായി പ്രവേശിപ്പിച്ചതായിരുന്നു അശ്വതിയെ. ചികിത്സക്കിടെ വ്യാഴാഴ്ച പുലർച്ചെ ഗർഭസ്ഥ ശിശു മരിച്ചതായി ആശുപത്രി അറിയിച്ചു.

നിലവിളിച്ചപ്പോൾ കള്ളമാണെന്ന് പറഞ്ഞു

ഗുരുതരാവസ്ഥയിലായിരുന്ന അശ്വതിയെ മറ്റൊരു സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി. ചികിത്സക്കിടെ ഇന്നലെ വൈകുന്നേരം മരണപ്പെടുകയായിരുന്നു. അതേസമയം, ചികിത്സാ പിഴവില്ലെന്ന് അത്തോളി മലബാർ മെഡിക്കൽ കോളേജ് വിശദീകരിച്ചു. ബിപി കൂടിയതാണ് മരണകാരണമെന്നാണ് വിശദീകരണം.

മരിച്ചനിലയിൽ കണ്ടെത്തി

തൃശൂർ: കോട്ടപ്പുറത്ത് റെയിൽവേ ട്രാക്കിൽ മധ്യ വയസ്കനെ ട്രെയിൻ തട്ടി മരിച്ച നിലയിൽ കണ്ടെത്തി. ഏകദേശം 50 വയസ്സ് തോന്നിക്കുന്ന ആളെ തിരിച്ചറിഞ്ഞിട്ടില്ല.

നേമം സർവീസ് സഹകരണ ബാങ്കിൽ പ്രതിസന്ധി; സമരത്തിലേക്ക് നിക്ഷേപകർ

തിരു: നേമം സർവീസ് സഹകരണബാങ്കിൽ നിക്ഷേപത്തുകയും ചിട്ടിത്തുകയും കിട്ടാതെ വലഞ്ഞ് സഹകാരികൾ. സിപിഎം നേതൃത്വത്തിലുള്ള ഭരണസമിതിക്കെതിരെ സമരത്തിനുള്ള ഒരുക്കത്തിലാണ് നിക്ഷേപകർ. ഓണത്തിനുശേഷം നിക്ഷേപത്തുകയും ചിട്ടിത്തുകയും ഗഡുക്കളായി നൽകാമെന്നാണ് മന്ത്രി വി.ശിവൻകുട്ടിയുടെ നിയോജകമണ്ഡലത്തിലെ ബാങ്ക് ഭരണസമിതിയുടെ വാഗ്ദാനം.

ഉയർന്ന വലിശ വാഗ്ദാനം ചെയ്താണ് നിക്ഷപകരെ ബാങ്കിലേക്കെത്തിച്ചത്. ദേശാസാൽകൃത ബാങ്കുകളിൽ നിക്ഷേപിച്ചവരും, പെൻഷൻ തുകയുമടക്കം എത്തിയതോടെ നിക്ഷേപതുക എഴുപത്തിയഞ്ച് കോടി കവിഞ്ഞു. മക്കളുടെ വിവാഹാവശ്യത്തിനും വിദ്യാഭ്യാസ ആവശ്യത്തിനുമടക്കം പണം തിരികെ ചോദിച്ചെത്തിയപ്പോഴാണ് ബാങ്കിൻറെ യാഥാർഥ അവസ്ഥ നിക്ഷേപർക്ക് മനസിലായത്. ആദ്യം സാവകാശം പറഞ്ഞവർ പിന്നീട് ഭീക്ഷണിയായി. ഭരണസമിതിയുടെ കെടുകാര്യസ്ഥതയാണ് ഇപ്പോഴത്തെ അവസ്ഥയ്ക്ക് കാരണമെന്നു നിക്ഷേപകർ കുറ്റപ്പടുത്തുന്നു

പണം കിട്ടാതെ വന്നതോടെ മുന്നൂറിലേറെ നിക്ഷേപകർ ചേർന്നു കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചു. വായ്പാ കുടിശിക മുടങ്ങിയതും, നിക്ഷേപകർ ഒരുമിച്ച് പിൻവലിച്ചതുമാണ് ഇപ്പോഴത്തെ പ്രതിസന്ധിക്ക് കാരണമെന്നു ബാങ്ക് പ്രസിഡൻറ് വി.പ്രഭാകരൻ നായർ പറഞ്ഞു.

ഹംസ മരിച്ചിട്ടില്ല, പദ്ധതിയിടുന്നത് വൻ ഭീകരാക്രമണങ്ങൾ; ലാദന്റെ മകൻ അഫ്ഗാനിലുണ്ടെന്ന് റിപ്പോർട്ട്

വാഷിങ്ടൺ: ഭീകരസംഘടനയായ അൽ ഖായിദയുടെ സ്ഥാപകനും യു.എസ്സിലെ വേൾഡ് ട്രേഡ് സെന്റർ ഭീകരാക്രമണത്തിന്റെ സൂത്രധാരനുമായ ഒസാമ ബിൻ ലാദന്റെ മകൻ ജീവിച്ചിരിപ്പുണ്ടെന്ന് റിപ്പോർട്ട്. മരിച്ചുവെന്ന് കരുതിയ ഹംസ ബിൻ ലാദൻ അഫ്ഗാനിസ്ഥാനിലുണ്ടെന്നും അൽ ഖായിദയെ നയിക്കുകയാണെന്നും ഇന്റലിജൻസ് റിപ്പോർട്ടുകളെ ഉദ്ധരിച്ച് ബ്രിട്ടീഷ് മാധ്യമമായ 'ദി മിറർ' റിപ്പോർട്ട് ചെയ്തു. 2019-ൽ യു.എസ്. നടത്തിയ വ്യോമാക്രമണത്തിൽ ഹംസ കൊല്ലപ്പെട്ടുവെന്നാണ് ഇത്രയും കാലം കരുതിയിരുന്നത്.

അൽ ഖായിദയെ പുനരുജ്ജീവിപ്പിച്ച് സജീവമാക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്ന ഹംസ ബിൻ ലാദൻ വലിയ ഭീകരാക്രമണങ്ങൾക്കാണ് പദ്ധതിയിടുന്നതെന്നും റിപ്പോർട്ടിൽ പറയുന്നു. പടിഞ്ഞാറൻ രാജ്യങ്ങളെയാണ് ഹംസ ലക്ഷ്യമിടുന്നത്. ഹംസയുടെ നീക്കങ്ങളെ കുറിച്ച് മുതിർന്ന താലിബാൻ നേതാക്കൾക്കും അറിയാം. ഇവർ ഹംസയുമായി നിരന്തരം ബന്ധപ്പെടുന്നുണ്ട്. താലിബാൻ നേതാക്കളാണ് ഹംസയ്ക്കും കുടുംബത്തിനും ആവശ്യമായ സംരക്ഷണവും പിന്തുണയും നൽകുന്നത്-റിപ്പോർട്ട് പറയുന്നു

'താലിബാൻ നേതാക്കൾ കൃത്യമായ ഇടവേളകളിൽ ഹംസയുമായി കൂടിക്കാഴ്ച നടത്താറുണ്ട്. അവരാണ് ഹംസയ്ക്കും കുടുംബത്തിനും സുരക്ഷയും പിന്തുണയും നൽകുന്നത്. അൽ ഖായിദയും താലിബാനുംതമ്മിൽ ആഴത്തിലുള്ള ബന്ധമാണുള്ളത്. ഇറാഖ് യുദ്ധത്തിനുശേഷം അൽഖായിദയുടെ ശക്തമായ തിരിച്ചുവരവാണ് നടക്കുന്നത്.' -ഇന്റലിജൻസ് റിപ്പോർട്ട് പറയുന്നു.

അഫ്ഗാൻ നഗരമായ ജലാലാബാദ് കേന്ദ്രീകരിച്ചാണ് 34-കാരനായ ഹംസയുടെ പ്രവർത്തനം. ഭീകരവാദ പ്രവർത്തനങ്ങളുടെ ശക്തികേന്ദ്രമെന്ന് അറിയപ്പെടുന്ന നഗരമാണ് കിഴക്കൻ കാബൂളിൽനിന്ന് 100 മൈലോളം അകലെയുള്ള ജലാലാബാദ്. ഹംസയുടെ സഹോദരൻ അബ്ദുള്ള ബിൻ ലാദനും ഭീകരപ്രവർത്തനങ്ങളിൽ സജീവമാണെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

യു.എസ്. ചാരസംഘടനയായ സി.ഐ.എയുടെ കണ്ണുവെട്ടിക്കാനായി ഹംസയും നാല് ഭാര്യമാരും ഇറാനിലാണ് വർഷങ്ങളോളം അഭയം തേടിയതെന്നും റിപ്പോർട്ടിൽ പറയുന്നു.

2019-ൽ ട്രംപാണ് ഹംസയെ ലക്ഷ്യമിട്ടുള്ള ആക്രമണത്തിന് ഉത്തരവിട്ടത്. തെക്കുകിഴക്കൻ അഫ്ഗാനിലെ ഘസ്നി പ്രവിശ്യയിലാണ് അമേരിക്കൻ സേനയുടെ വ്യോമാക്രമണം. എന്നാൽ ഹംസ കൊല്ലപ്പെട്ടുവെന്ന് തെളിയിക്കുന്നതിന് ആവശ്യമായ ഡി.എൻ.എ. തെളിവ് ഉൾപ്പെടെ ഹാജരാക്കാൻ സി.ഐ.എയ്ക്ക് അന്ന് കഴിഞ്ഞിരുന്നില്ല.

ഇടിച്ചിട്ട കാർ നിർത്തിയില്ല; യുവാവിന് ദാരുണാന്ത്യം

കണ്ണൂർ: ബൈക്ക് യാത്രക്കാരനെ ഇടിച്ചിട്ട കാർ നിർത്താതെ പോയി. അരമണിക്കൂറോളം റോഡരികിൽ കിടന്ന യുവാവ് രക്തം വാർന്ന് മരിച്ചു. കണ്ണൂർ വിളക്കോട് സ്വദേശി റിയാസ് (38) ആണ് മരിച്ചത്. ശിവപുരം കൊളാരിയിൽ ഇന്നലെ വൈകിട്ട് ഏഴ് മണിയോടെയാണ് റിയാസിനെ കാർ ഇടിച്ചിട്ടത്

ജമ്മു കശ്മീരിൽ ഏറ്റുമുട്ടൽ; മൂന്ന് ഭീകരരെ വധിച്ച് സുരക്ഷാ സേന

ജമ്മു: നിയമസഭ തിരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ശേഷിക്കെ ജമ്മു കശ്മീരിൽ മണിക്കൂറുകളുടെ വ്യത്യാസത്തിൽ രണ്ട് ഭീകരാക്രമണം. ബാരാമുള്ളയിൽ മൂന്ന് ഭീകരരെ വധിച്ചു. ഇപ്പോഴും തിരച്ചിലും ഏറ്റുമുട്ടലും തുടരുന്നു.

കരസേനയ്ക്ക് പുറമെ ജമ്മു കശ്മീർ പോലീസും ഭീകരരെ തിരയുന്നു. ഇന്നലെ രാത്രി കിഷ്ത്വാറിലുണ്ടായ ഏറ്റുമുട്ടലിൽ രണ്ട് സൈനികർ വീരമൃത്യുവരിക്കുകയും മറ്റ് രണ്ട് സൈനികർക്ക് പരുക്കേൽക്കുകയും ചെയ്തിരുന്നു. കിഷ്ത്വാറിലും രണ്ട് ഭീകരരെ വധിച്ചു.

അതേസമയം, നിയമസഭ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ജമ്മു കശ്മീരിലെ ദോഡയിലെത്തും. 50 വർഷത്തിനിടെ ഇതാദ്യമായാണ് ഒരു പ്രധാനമന്ത്രി ദോഡയിലെത്തുന്നത്. ബിജെപിയുടെ തിരഞ്ഞെടുപ്പ് റാലിയിൽ സംസാരിക്കുന്ന മോദി പ്രാദേശിക നേതാക്കളുമായും കൂടിക്കാഴ്ച നടത്തും. ജമ്മു മേഖലയിൽ ഉൾപ്പെടുന്ന ജില്ലയാണ് ദോഡ. ജമ്മു കശ്മീരിൽ ആദ്യഘട്ട നിയമസഭ തിരഞ്ഞെടുപ്പിന് ഇനി നാല് നാൾ മാത്രമാണ് ശേഷിക്കുന്നത്.

കെ എസ് ഇ ബി കേബിൾ മുറിച്ചുകടത്താൻ 'സാഹസിക' ശ്രമം

കൊട്ടിയം: മോഷ്ടാക്കളുടെ 'അതിസാഹസിക'ശ്രമം കാരണം ഉത്രാടത്തലേന്ന് കൊട്ടിയത്ത് പലഭാഗങ്ങളിലും വൈദ്യുതിവിതരണം ഏറേനേരം തടസ്സപ്പെട്ടു. കഴിഞ്ഞദിവസം രാത്രി പന്ത്രണ്ടരയോടെ ദേശീയപാതയിൽ കൊട്ടിയം പട്ടരുമുക്കിനു സമീപം മുസ്ലിം ജമാഅത്ത് പള്ളിക്കടുത്തുനിന്നാണ് ഭൂമിക്കടിയിലൂടെയുള്ള കെ.എസ്.ഇ.ബി. യുടെ11കെ.വി. യു.ജി.കേബിൾ മോഷ്ടിക്കാൻ ശ്രമം നടന്നത്.

കേബിൾ മുറിക്കുന്നതിനിടെ വൈദ്യുതിബന്ധം ഡ്രിപ്പായതിനാൽ വലിയദുരന്തം ഒഴിവായി. അപ്രതീക്ഷിതമായി വൈദ്യുതി വിതരണം നിലച്ചതോടെ വൈദ്യുതി ബോർഡ് ജീവനക്കാർ പരിശോധന നടത്തിയെങ്കിലും കാരണം കണ്ടെത്താനായില്ല. വെള്ളിയാഴ്ച പുലർച്ചയോടെയാണ് കേബിൾ മുറിച്ചനിലയിൽ കണ്ടത്. തുടർന്ന് മണിക്കൂറുകളോളം നടത്തിയ പരിശ്രമത്തിനൊടുവിൽ വെള്ളിയാഴ്ച ഉച്ചയോടെയാണ് വൈദ്യുതിവിതരണം പുനഃസ്ഥാപിക്കാനായത്.

വൈദ്യുതി ബോർഡിന് വലിയ സാമ്പത്തിക നഷ്ടത്തിനും ഇത് കാരണമായി. വൈദ്യുതിവിതരണം തടസ്സപ്പെട്ടതോടെ മൂവായിരത്തോളം ഉപഭോക്താക്കളാണ് വലഞ്ഞത്. ഓണത്തിരക്കിനിടെ വൈദ്യുതി വിതരണം നിലച്ചത് വ്യാപാരികളെയും കഷ്ടത്തിലാക്കി. നിരവധി സ്ഥാപനങ്ങളിലെ ഓണാഘോഷ പരിപാടികൾ പ്രതിസന്ധിയിലായി.

ദേശീയപാത ആറുവരിയാക്കുന്നതിന്റെ ഭാഗമായി ഓട നിർമിക്കുന്നതിന് കുഴിയെടുത്തതിനാൽ കേബിളിന്റെ പല ഭാഗങ്ങളും പുറത്തുകാണാവുന്ന നിലയിലാണ് വൈദ്യുതി പ്രവഹിച്ചിരുന്ന കേബിൾ മുറിക്കാൻ ശ്രമിച്ചത് വലിയ അപകടങ്ങൾക്കു കാരണമാകുമായിരുന്നെന്ന് ജീവനക്കാർ പറഞ്ഞു. സ്ഥലത്തുനിന്നും ഹാക്സോ ബ്ലേഡുകളും ലൈറ്ററും കമ്പികളും ലഭിച്ചു. കെ.എസ്.ഇ.ബി. അധികൃതർ കൊട്ടിയം പോലീസിൽ പരാതി നൽകി.

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ

OP: 2071/2023

സയന കൃഷ്ണൻകുട്ടി, D/o. കൃഷ്ണൻ, 33 വയസ്, ബ്ലാഹിയിൽ ഹൗസ്, വലപ്പാട് ദേശം, വലപ്പാട് വില്ലേജ്, ചാവക്കാട് താലൂക്ക്, പിൻ-680567

-ഹരജിക്കാരി

രാമചന്ദ്രൻ, 47 വയസ്, S/o. രാമകൃഷ്ണൻ, ഉണ്ണുമ്മൽ ഹൗസ്, പീതാംബര റോഡിനു സമീപം, നാട്ടിക വില്ലേജ്, ചാവക്കാട് താലൂക്ക്, പിൻ-680566

- എതൃകക്ഷി

മേൽ നമ്പർ ഹരജിയിൽ എതൃകക്ഷിക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്ത് നടത്തുവാൻ കല്പിച്ച് മേൽ നമ്പർ കേസിന്റെ വിചാരണ 21-10-2024 തിയ്യതിയിലേക്ക് വെച്ചിട്ടുണ്ടെന്ന വിവരത്തിനും അന്നേദിവസം രാവിലെ 11 മണിക്ക് ടിയാനോ, ടിയാൻ ഭാഗം അഭിഭാഷകനോ ബഹു കോടതി മുമ്പാകെ നേരിട്ട് ഹാജരാകാത്തപക്ഷം ടി ഹരജി എതിർകക്ഷിയെ കൂടാതെ തീർപ്പ് കല്പിക്കുമെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു

എന്ന്, 14-9-2024

ഹരജിക്കാരിഭാഗം അഡ്വക്കേറ്റ്

കെ ഡി ഉഷ (ഒപ്പ്)

KSDC
THE KERALA STATE DEVELOPMENT CORPORATION FOR SC & ST LTD
കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്
CIN: U91990KL1972SGC002466
മുഖ്യകാര്യാലയം, പി.ബി.നമ്പർ 523, ടൗൺഹാൾ റോഡ്, തൃശ്ശൂർ - 680020, ഓഫീസ് ഫോൺ : 0487-2331064
ഇ.മെയിൽ: ksdcsection@gmail.com, വെബ്സൈറ്റ്: www.ksdcscst.com

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ധനലക്ഷ്മി ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ വാർഷിക മീറ്റിംഗ് എക്സിക്യൂട്ടിവ് ഡയറക്ടർ ശ്യാം ദേവ് ഉദ്ഘാടനം ചെയ്യുന്നു. ഡയറക്ടർ & ഗ്രൂപ്പ് CEO സുഹാസ് സോമൻ, ഡയറക്ടർ സുരജ്, പാട്രൺ അനിൽ ചന്ദ്രൻ, ഷെയർഹോൾഡർമാരായ സുമേഷ്, ബൈജു എസ്. ചുള്ളിയിൽ, ലെനിൻ ചന്ദ്രൻ, സുനിൽ കുമാർ എന്നിവർ സമീപം.

ഓണനാളിൽ പോലീസ് സജ്ജം

ഓണനാളുകളിൽ ജനങ്ങൾക്ക് സുഗമമായി ഓണം ആഘോഷിക്കുന്നതിന്റെ ഭാഗമായി പോലീസും, എക്സൈസും, മോട്ടോർ വാഹന വകുപ്പും, വനം വകുപ്പും സംയുക്തമായി ഓണനാളുകളിൽ അനധികൃത ലഹരി വിൽപന തടയുക, ലഹരിയുടെ ഉപഭോഗം കുറക്കുക എന്നിവയുടെ ഭാഗമായി ഉത്രാടം നാളിലും, തിരുവോണ നാളിലും സംയുക്തമായി തൃശൂർ റൂറൽ പോലീസ് പരിധിയിൽ പെട്ട കൊടുങ്ങല്ലൂർ, ചാല ക്കുടി, ഇരിങ്ങാലക്കുട സബ് ഡിവിഷനുകളിൽ റെയ്ഡുകളും, BDDS ന്റെയും Dog Ssquad ന്റെയും സംയുക്തപരിശോധനയും, വാഹന പരിശോധനയും കർശനമായി നടത്തുന്നുണ്ട്.

കൂടാതെ ഓണ നാളുകളിൽ വർധിച്ചു വരുന്ന ഗതാഗതത്തിന്റെ നിയന്ത്രണത്തിന് കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുള്ളതും. ഉത്രാട ദിനത്തിലും, തിരുവോണ നാളുകളിലും സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി ജനതിരക്ക് നിയന്ത്രിക്കുന്നതിനും, ഓണാഘോഷ പരിപാടികൾ നടക്കുന്ന ഇടങ്ങളിലും പ്രധാനപ്പെട്ട നഗര പ്രദേശങ്ങളിലും കൂടുതൽ ബൈക്ക് പെട്രോളിംഗും, ഫുട്ട്പെട്രോളിംഗും ഏർപ്പെടുത്തിയിട്ടുള്ളതാണ്

ജനങ്ങൾക്ക് സുരക്ഷിതമായി ഓണം ആഘോഷിക്കുന്നതിനായി തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് പരിധിയിൽ തൃശൂർ റൂറൽ പോലീസ് മേധാവി നവനീത് ശർമ IPS ന്റെ നിർദേശാനുസരണം 6 Dysp മാരെയും അവരുടെ കീഴിൽ ബാറ്റലിയൻ പോലീസ് അടക്കം 250 പോലീസ് ഉദ്യോഗസ്ഥരെയും നിയോഗിച്ചിട്ടുണ്ട്.

ലഹരി വിമുക്തമാകട്ടെ ഇത്തവണത്തെ ഓണം എല്ലാവർക്കും തൃശ്ശൂർ റൂറൽ പോലീസിന്റെ സമ്പൽ സമൃദ്ധമായ ഓണാശംസകൾ!.

സിഡിഎസ് 2 ന്റെ ഓണവിപണനമേള

തൃശ്ശൂർ: കോർപ്പറേഷൻ സിഡിഎസ് 2 ന്റെ ഓണവിപണനമേള തൃശ്ശൂർ കോർപ്പറേഷൻ മേയർ എം കെ വർഗീസ് ഉദ്ഘാടനം നിർവഹിച്ചു. സിഡിഎസ് ചെയർപേഴ്സൺ രജില കൃഷ്ണകുമാർ അധ്യക്ഷത വഹിച്ചു.

വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ, വർഗീസ് കണ്ടംകുളത്തി, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി കെ ഷാജൻ, ഡിസ്ട്രിക് മിഷൻ കോഡിനേറ്റർ ഡോ. സലിൽ, അസിസ്റ്റൻറ് ഡിസ്ട്രിക് മിഷൻ കോഡിനേറ്റർ രാധാകൃഷ്ണൻ, ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർ മാരായ,ശോഭു നാരായണൻ, ദീപ കിഷോർ, കുടുംബശ്രീ മെമ്പർ സെക്രട്ടറി സിന്ധു, എന്നിവർ സന്നിഹിതരായിരുന്നു

ധനകാര്യ സ്ഥാപനമായ ധനലക്ഷ്മി എൻസിഡി പബ്ലിക് ഇഷ്യൂ തുടങ്ങുന്നു

തൃശ്ശൂർ: ആസ്ഥാനമായി പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനമായ ധനലക്ഷ്മി NCD പബ്ലിക് ഇഷ്യൂ ഈ വർഷം അവസാനത്തോടുകൂടി തുടങ്ങുന്നു. രാജ്യത്തെ 8 സംസ്ഥാനങ്ങളിലായി 350 ശാഖകളുള്ള കമ്പനി ഇൻഡിപെൻഡന്റ് ഡയറക്ടർമാരായി രണ്ട് ആർബിഐ, കാനറാ ബാങ്ക് റിട്ടേഡ് പ്രൊഫഷണൽസിനെ നിയമിച്ചു. 33 വർഷം പാരമ്പര്യം ഉള്ള ധനലക്ഷ്മി ബിസിനസ് ഫിനാൻസ്, ഓട്ടോ ഫിനാൻസ്, ഉപഭോക്തൃ വായ്പകൾ, സ്വർണ്ണ വായ്പകൾ, നഗര സ്വയം തൊഴിലാളികൾക്കുള്ള വായ്പകൾ, ഗ്രാമീണർക്കുള്ള വായ്പകൾ എന്നിങ്ങനെ വിവിധ സാമ്പത്തിക സേവനങ്ങൾ നൽകുന്നു. 2020 ഓഗസ്റ്റിൽ പുതിയ മാനേജ്മെന്റ് വന്നതിനു ശേഷം കേരളം, തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലായി 130 ശാഖകളോടെ കമ്പനി സേവനം വ്യാപിച്ചിരിക്കുന്നു. നാല് വർഷങ്ങളിലായി ഉപഭോക്താക്കളുടെ എല്ലാ സാമ്പത്തിക ആവശ്യങ്ങൾക്കും സംയോചിതമായി മികച്ച സേവനം നൽകാൻ ധനലക്ഷ്മിക്ക് സാധിച്ചിട്ടുണ്ട് പ്രവർത്തനം, കസ്റ്റമർ സർവീസ്, ചുരുങ്ങിയ കാലയളവിലുള്ള ലാഭത്തിലുള്ള വളർച്ച, അസറ്റ് ലയബിലിറ്റി അണ്ടർ മാനേജ്മെന്റ്, സ്റ്റാഫ്, ഡയറക്ടർ ബോർഡ് എന്നീ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ക്രിസിൽ BB+ സ്റ്റേബിൾ റേറ്റിങ് 2024ൽ കമ്പനിക്ക് നൽകി. ആന്ധ്രാപ്രദേശ്, തെലങ്കാന, ഒഡിസ, വെസ്റ്റ് ബംഗാൾ, നോർത്ത് കർണാടക എന്നീ സംസ്ഥാനങ്ങളിലെ ഗ്രാമീണ മേഖലയിലേക്ക് കമ്പനിയുടെ സേവനം വ്യാപിച്ച് കൊണ്ടിരിക്കുകയാണ്.

സെപ്തംബർ 8ന് തൃശ്ശൂരിലെ ഹയാത് റീജൻസിയിൽ വെച്ച് 1200 ഓളം സ്റ്റാഫ് മാനേജ്മെന്റ് അംഗങ്ങൾ പങ്കെടുത്ത വാർഷിക ആഘോഷത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം മികച്ച പ്രകടനം കാഴ്ച്ചവെച്ചവർക്കുള്ള സമ്മാന വിതരണം നടത്തി. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷവും കമ്പനിയുടെ വളർച്ച ലാഭത്തിലായിരുന്നു എന്ന് ധനലക്ഷ്മി ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ ഡോ. വിപിൻദാസ് കടങ്ങോട്ട് അറിയിച്ചു.

ചാവക്കാട് കോടതി ഓണാഘോഷം നടത്തി

ചാവക്കാട് : ചാവക്കാട് കോടതി അഭിഭാഷകരും അഭിഭാഷക ക്ലാർക്കുമാറും കോടതി ജീവനക്കാരും സംയുക്തമായി ഓണാഘോഷം നടത്തി. ഓണകളിയും ഓണസദ്യയും സംഗീതസദസ്സും നടത്തി . ഓണാഘോഷ പരിപാടി ചാവക്കാട് സബ് ജഡ്ജ് വി വിനോദ് ഉദ്ഘാടനം ചെയ്തു. ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ തേർളി അശോകൻ അദ്ധ്യക്ഷത വഹിച്ചു. ചാവക്കാട് മുൻസിഫ് ഡോ അശ്വതി അശോക്, ബാർ അസോസിയേഷൻ സെക്രട്ടറി അക്തർ അഹമ്മദ്, സബ് കോർട്ട് ശിരസ്തദാർ ശ്രീജ, മുൻസിഫ് കോർട്ട് ജൂനിയർ സൂപ്രണ്ട് മണികണ്ഠൻ, മജിസ്ട്രേറ്റ് കോർട്ട് ജൂനിയർ സൂപ്രണ്ട് സുജ, അഡ്വ സി . സുഭാഷ്കുമാർ അഡ്വ പ്രത്യൂഷ് ചൂണ്ടലത്ത്, വിനോദ് അകമ്പടി, സുകുമാരൻ നായർ, സുഹൈൽ, അഡ്വ പി എസ് ബിജു, അഡ്വ സിജു മുട്ടത്ത്, അഡ്വ അനിഷ ശങ്കർ, മഹിമ രാജേഷ് എന്നിവർ ആശംസകൾ അർപ്പിച്ചു. ഓണാഘോഷത്തിന്റെ ഭാഗമായി വയനാട് ദുരന്ത നിവാരണ ഫണ്ടിലേക്ക് 25000 രൂപ സംഭാവന നൽകി. അഡ്വ സി നിഷ, അഡ്വ കവിത മോഹൻദാസ്, അഡ്വ ഫ്രെഡി പയസ്, അഡ്വ ജന്യ ചന്ദ്രൻ, അഡ്വ കെ. കെ കുഞ്ഞിമുഹമ്മദ്, അഡ്വ ബിജു വലിയപറമ്പിൽ, അഡ്വ സ്റ്റോബി ജോസ്, വിജീഷ് എന്നിവർ നേതൃത്വം വഹിച്ചു.

ജില്ലാ മീലാദ് കോൺഫറൻസും നബിദിന റാലിയും 18ന്

തൃശ്ശൂർ: കേരള മുസ്ലിം ജമാഅത്ത് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ വിശ്വ പ്രവാചകർ മുഹമ്മദ് നബി ധ സ പ യുടെ 1499-ാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി ജില്ലാ നബിദിന റാലിയും ഗ്രാന്റ് മീലാദ് കോൺഫറൻസും ഈ മാസം 18 ബുധനാഴ്ച ചാവക്കാട് നടക്കും. ജില്ലയിൽ 37 വർഷക്കാലമായി നടന്നു വരുന്ന ജില്ലാ മീലാദ് കോൺഫറൻസും നബിദിന റാലിയും സമസ്ത കേരള ജം ഇയ്യത്തുൽ ഉലമ, എസ് വൈ എസ്, എസ് എസ് എഫ്, എസ് എം എ, എസ് ജെ എം തുടങ്ങിയ സുന്നി പ്രാസ്ഥാനിക കുടുംബത്തിന്റെ സഹകരണത്തോടെയാണ് നടക്കുന്നത്. റബീഉൽ അവ്വൽ 12 ധ ഈ മാസം 16 തിങ്കളാഴ്ച പ യാണ് പ്രവാചകർ മുഹമ്മദ് നബി ധ സ പ യുടെ ജന്മദിനം ആഘോഷിക്കുന്നത്. വീടുകളിലും പ്രാസ്ഥാനിക കേന്ദ്രങ്ങളിലും പ്രാർത്ഥനകളും പ്രകീർത്തന സദസ്സുകളും നടന്നുവരുന്നു. ഒരു മാസക്കാലം നീണ്ടു നിൽക്കുന്ന വിവിധ പരികളാണ് നടക്കുന്നത്. 16ന് പ്രഭാത നിസ്കാരത്തിന് മുമ്പേ മുത്ത് നബി ധ സ പയുടെ ജനനത്താൽ അനുഗ്രഹീതമായ സമയത്ത് പ്രാർത്ഥനകളും പ്രവാചക പ്രകീർത്തനങ്ങളുമായി വിശ്വാസികൾ പള്ളികളിൽ ഒത്തുചേരും. തുടർന്ന് വിവിധ പള്ളികൾക്ക് കീഴിൽ രാവിലെ ഏഴു മുതൽ വിദ്യാർഥികളും മഹല്ല് നിവാസികളും ദഫ്ഫിന്റെ അകമ്പടിയോടെ അണിനിരക്കുന്ന ഘോഷയാത്രകൾ നടക്കും. റാലി സമാപിക്കുന്നതോടെ വീണ്ടും പള്ളികളിൽ ഒത്തുകൂടി പ്രവാചക പ്രകീർത്തന സദസ്സ് കൊണ്ട് മുഖരിതമാകും. തുടർന്ന് എല്ലാ വീടുകളിലേക്കും ഉള്ള ഭക്ഷണവിതരണം നടക്കും. റബീഉൽ അവ്വൽ മാസം പൂർത്തിയാകുന്നത് വരെ വിവിധ സ്ഥലങ്ങളിൽ നബി പ്രകീർത്തന സദസ്സുകളും സന്ദേശ പ്രഭാഷണങ്ങളും ഉണ്ടാകും. വൈകുന്നേരം നാല് മണിക്ക് മണത്തല ജുമാ മസ്ജിദ് പരിസരത്തുനിന്ന് അറബന സംഘം, ദഫ്ഫ് സംഘം എന്നിവയുടെ അകമ്പടിയോടെ ആരംഭിക്കുന്ന പ്രൗഢമായ ജില്ലാ മീലാദ് റാലിയോടെയാണ് കോൺഫറൻസിന് തുടക്കമാവുക. ആയിരങ്ങൾ അണിനിരക്കുന്ന പ്രവാചക പ്രകീർത്തന റാലി ചാവക്കാട് ബസ് സ്റ്റാൻഡ് പരിസരത്ത് പ്രത്യേകം സജ്ജമാക്കിയ വാദീ മദീനയിൽ സമാപിക്കുന്നതോടെ ജില്ലയിലെ ഏറ്റവും വലിയ ഗ്രാൻഡ് മൗലിദിന് തുടക്കമാകും. മഗ്രിബ് നിസ്കാരാനന്തരം നടക്കുന്ന കോൺഫറൻസിൽ ഇന്ത്യൻ ഗ്രാൻഡ് മുഫ്തി സുൽത്താനുൽ ഉലമ കാന്തപുരം എ പി അബൂബക്കർ മുസ്ലിയാർ മർഹ് റസൂൽ പ്രഭാഷണം നടത്തും. മത സാംസ്കാരിക രാഷ്ട്രീയ രംഗത്തെ പ്രമുഖർ സംബന്ധിക്കും.

ടോംയാസിന്റെ 37-ാം വാർഷികാഘോഷം

ടോംയാസ് പരസ്യ ഏജൻസിയുടെ 37-ാം വാർഷികാഘോഷം ഉടമയും ചീഫ് എക്സിക്യൂട്ടീവ് തോമസ് പാവറട്ടിയുടെ മകൾ ടി അഞ്ജലി നിർവ്വഹിക്കുന്നു തോമസ് പാവറട്ടി സമീപം

വ്യാജ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് കാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലി സമ്പാദിച്ച പ്രതിയുടെ മുൻകൂർ ജാമ്യാപേക്ഷ തള്ളി

തൃശൂർ: കേരള ആരോഗ്യ സർവകലാശാലയുടെ ബി ഫാം പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് വ്യാജമായി സൃഷ്ടിച്ച്, ഗുജറാത്തിൽ ഭാരത് കാൻസർ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലി കരസ്ഥമാക്കിയ പത്തനംതിട്ട ചെന്നീർക്കര വില്ലേജ് തിരുവിനാൽ വീട്ടിൽ ബെന്നി തോമസ് മകൻ ആഷ് ലി ബെന്നി (27 വയസ്സ്) എന്നവരുടെ മുൻകൂർ ജാമ്യാപേക്ഷ തൃശ്ശൂർ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജി പി. പി. സെയ്തലവി തള്ളി ഉത്തരവായി.

2024 ജൂലൈ മാസത്തിലാണ് കേസിനാസ്പദമായ സംഭവം നടന്നത്. പ്രതി കേരള ആരോഗ്യ സർവകലാശാലയുടെ ബി ഫാം പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് വ്യാജമായി സൃഷ്ടിച്ച്, ഗുജറാത്തിലെ സൂറത്ത് നഗരത്തിൽ പ്രവർത്തിക്കുന്ന ഭാരത് കാൻസർ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് അതോറിറ്റിൽ വ്യാജ പരീക്ഷ റിസൽട്ടും വ്യാജ ബി ഫാം പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റും ഹാജരാക്കി അതോറിറ്റിയെ കബളിപ്പിച്ച് അസിസ്റ്റന്റ് ഫാർമസിസ്റ്റ് ജോലി, സമ്പാദിച്ചതിനുശേഷം സർട്ടിഫിക്കറ്റ് വെരിഫിക്കേഷനുവേണ്ടി കേരള ആരോഗ്യ സർവ്വകലാശാല രജിസ്ട്രാർക്ക് അയച്ച് നൽകിയതിനെ തുടർന്ന് സർട്ടിഫിക്കറ്റിന്റെ നിജസ്ഥിതി പരിശോധിച്ചതിൽ ആരോഗ്യ സർവ്വകലാശാല സർട്ടിഫിക്കറ്റ് വ്യജമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയതിൽ മെഡിക്കൽ കോളേജ് പോലീസ് കേസെടുത്ത് അന്വേഷണം നടത്തിവരവെ, അറസ്റ്റ് ഒഴിവാക്കുന്നതിന് പ്രതി സെഷൻസ് കോടതിയിൽ മുൻകൂർ ജാമ്യ അപേക്ഷ നൽകുകയായിരുന്നു.

കേസ് ഫയലും രേഖകളും വിശദമായി സെഷൻസ് കോടതി പരിശോധിച്ചും, സാധാരണ കുറ്റകൃത്യങ്ങളേക്കാൾ വളരെ ഗൗരവം ഉള്ള കുറ്റകൃത്യമാണ് പ്രതി സ്ഥാപനത്തോടും പൊതു സമൂഹത്തോടും ചെയ്തിട്ടുള്ളതെന്നും പ്രതിയെ വ്യാജ സർട്ടിഫിക്കറ്റ് ഉണ്ടാക്കുന്നതിന് സഹായിച്ചത് സംബന്ധിച്ച് ആഴത്തിലുള്ള അന്വേഷണം അവശ്യമാണെന്നും പ്രതിയുടെ കൂട്ടുപ്രതികളെ കണ്ടെത്തേണ്ടതാണെന്നും കേസിന്റെ ഗൗരവം കണക്കിലെടുത്ത് പ്രതിക്ക് യാതൊരു കാരണവശാലും ജാമ്യം അനുവദിക്കരുതെന്ന ജില്ലാ പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. കെ. ബി സുനിൽകുമാറിന്റെ വാദങ്ങൾ കണക്കിലെടുത്താണ് കോടതി പ്രതിയുടെ മുൻകൂർ ജാമ്യാപേക്ഷ തള്ളിയത്.

വയോജനങ്ങൾക്കായി ഓണാഘോഷം നടത്തി

ഇരിങ്ങാലക്കുട: സെന്റ് ജോസഫ്സ് കോളേജിലെ ഉന്നത് ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി 50, നൂറ്റി 67 എൻ.എസ്.എസ്. യൂണിറ്റുകളുടെയും ഇരിങ്ങാലക്കുട റോട്ടറി ക്ലബ്ബിന്റെയും സംയുക്താഭിമുഖ്യത്തിൽ വയോജനങ്ങൾക്കായി ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. ആളൂർ, പുല്ലൂർ, കടുപ്പശ്ശേരി, ആനന്ദപുരം, മനവലശ്ശേരി പാർട്ട് എ എന്നിവിടങ്ങളിൽ നിന്നുള്ള വയോജനങ്ങളെ ചടങ്ങിൽവെച്ച് ആദരിക്കുകയും ഓണസമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. വൈസ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ഫ്ളവററ്റ് സ്വാഗതമാശംസിച്ച ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ബ്ലെസി അദ്ധ്യക്ഷത വഹിച്ചു.ഇരിങ്ങാലക്കുട റോട്ടറി ക്ലബ്ബ് പ്രസിഡണ്ട് അബ്ദുൾ ഹക്കിം ഉദ്ഘാടനം നിർവ്വഹിച്ചു. എൻ.എസ്.എസ്.പ്രോഗ്രാം ഓഫീസറായ വീണ സാനി ആശംസകളർപ്പിച്ചു സംസാരിച്ചു.

അധ്യാപികയായ ശ്രുതി എസ്. നന്ദി രേഖപ്പെടുത്തി.ഡോ. സിസ്റ്റർ ഫ്ളവററ്റിന്റെ നേതൃത്വത്തിൽ കോളേജിലെ ബയോടെക്നോളജി വിഭാഗം വികസിപ്പിച്ചെടുത്ത, വയോജനങ്ങൾക്കായുള്ള സുസ്ഥിതി എന്ന ആയുർവേദമരുന്നിന്റെ വിതരണവും ഇതോടൊപ്പം നടന്നു. തുടർന്ന് എൻ.എസ്.എസ്.വളണ്ടിയർമാർ അവതരിപ്പിച്ച നിരവധി കലാപരിപാടികൾ അരങ്ങേറി.

പോർക്കുളത്ത് 9 കിലോ കഞ്ചാവുമായി നാല് പേർ പിടിയിൽ

കുന്നംകുളം: പോർക്കുളത്ത് 9 കിലോ കഞ്ചാവുമായി നാല് പേരെ ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും കുന്നംകുളം പോലീസും ചേർന്ന് അറസ്റ്റ് ചെയ്തു. പോർക്കുളം സ്വദേശി തരകൻ വീട്ടിൽ പ്രിൻസ്, ചാലിശ്ശേരി സ്വദേശികളായ കാക്കശ്ശേരി വീട്ടിൽ 23 വയസ്സുള്ള ആദർശ്, കല്ലിടാത്ത കുന്നത്തേരി വീട്ടിൽ 24 വയസ്സുള്ള സുർജിത്ത്, പാലക്കാട് പടിഞ്ഞാറങ്ങാടി സ്വദേശി ഉറവിൽ വീട്ടിൽ 21 വയസ്സുള്ള ആഷിഫ് എന്നിവരെയാണ് പോലീസ് പിടികൂടിയത്.

അപരനെ കരുതലേകുമ്പോഴാണ് ജീവിതം ധന്യമാകുന്നത്

വടക്കാഞ്ചേരി : നിങ്ങളുടെ ജീവിതം പൂക്കളം പോലെ വർണ്ണാഭമാക്കുന്നതും, ഓണത്തിന്റെ ചൈതന്യം ഹൃദയത്തിൽ സന്തോഷകരമാക്കുന്നതും അപരനെ കരുതലേ കുമ്പോഴാണെന്ന് സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം അഭിപ്രായപ്പെട്ടു.

അമ്മ സൊസൈറ്റി ഓട്ടുപാറ ജയശ്രീ ഹാളിൽ സംഘടിപ്പിച്ച നന്മയിലൊരോണവും ഓണകിറ്റ് വിതരണോൽഘാടനവും നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

അമ്മ സൊസൈറ്റി പ്രസിഡന്റ് കുമാരിയമ്മ അദ്ധ്യക്ഷയായിരുന്നു.

നഗരസഭ കൗൺസിലർ എസ്.എ.ആസാദ് മുഖ്യപ്രഭാഷണം നടത്തി.ജോണി ചിറ്റിലപ്പിള്ളി, കൃഷ്ണദാസ്,ഓമന വർഗ്ഗീസ്,പങ്കജം കൃഷ്ണൻകുട്ടി,ബേബി ചന്ദ്രൻ,ഷൈജ നൗഷാദ്, രമ്യ ഗോപാലൻ എന്നിവർ പ്രസംഗിച്ചു.മരുന്ന് വിതരണവും, ഓണസദ്യയും, സാംസ്കാരിക പരിപാടികളും ഉണ്ടായിരുന്നു.

എസൻസ് ഗ്ലോബൽ ഫ്രീ തിങ്കേഴ്സ് , ഹ്യൂമനിസം അവാർഡുകൾ പ്രഖ്യാപിച്ചു

തൃശൂർ: എസൻസ് ഗ്ലോബൽ 2024ലെ അവാർഡുകൾ പ്രഖ്യാപിച്ചു. ശാസ്ത്ര സ്വാതന്ത്രചിന്ത മേഖലയിലെ സംഭാവനകൾക്ക് നൽകുന്ന ഫ്രീ തിങ്കർ അവാർഡ് ലൂസി യൂട്യൂബ് ചാനൽ സ്ഥാപകനും, പ്രശസ്ത സ്വതന്ത്രചിന്ത പ്രഭാഷകനുമായ ചന്ദ്രശേഖർ രമേശിന്. യുവ സ്വാതന്ത്രചിന്ത കർക്കുള്ള യങ് ഫ്രീ തിങ്കർ അവാർഡ് മാധ്യമ പ്രവർത്തകനും തൃശൂർ സ്വദേശിയുമായ ഒ കെ സജിത്തിനും, കണ്ണൂർ സ്വദേശിയും വ്യവസായിയുമായ കബീർ അഹമ്മദിനും നൽകും.

വയനാട്ടിൽ മുണ്ടക്കൈ ചൂരൽമലയിലുണ്ടായ ഉരുളപൊട്ടലിൽ സന്നദ്ധ പ്രവർത്തകരായ എസൻസ് ഗ്ലോബൽ പ്രവർത്തകരായ യാസിൻ ഒമർ, അഷ്ഹഫ് അലി എന്നിവർക്ക് ആദരസൂചകമായി കസ്റ്റോഡിയൻ ഓഫ് ഹ്യൂമനിസം അവാർഡും എസൻസ് ഗ്ലോബൽ ഇത്തവണ വിതരണം ചെയ്യും. ദുരന്തഭൂമിയിൽ അക്ഷീണം പ്രവർത്തിച്ചവരെ മാതൃകാപരമായി അഭിനന്ദിക്കാനാണു സംഘടന അവാർഡ് ഏർപ്പെടുത്തിയത്.

അവാർഡ് ജേതാക്കൾക്ക് എസെൻസ് മെഡലിയനും 25000 രൂപയും, പ്രശസ്തിപത്രവുമാണ് നൽകുക. ആർട്ടിക്കിൾ 51 A(h) ന്റെ സന്ദേശം ഉൾകൊണ്ട് കേരള സമൂഹത്തിൽ ശാസ്ത്രവും സ്വതന്ത്ര ചിന്തയും പ്രചരിപ്പിച്ചതിനുള്ള അംഗീകാരമായാണ് ഈ പുരസ്കാരം സമ്മാനിക്കുന്നത്. 2024 ഒക്ടോബർ 12ന് കോഴിക്കോട് സ്വപ്നനഗരിയിലെ കാലിക്കറ്റ് ട്രേഡ് സെന്ററിൽ സംഘടിപ്പിക്കപ്പെടുന്ന എസൻസ് ഗ്ലോബലിന്റെ ശാസ്ത്ര സ്വാതന്ത്രചിന്ത സമ്മേളനം ലിറ്റ്മസ്'24 ൽ അവാർഡുകൾ വിതരണം ചെയ്യും.

ഗതാഗത നിയന്ത്രണം

കൊടുങ്ങല്ലൂർ- ഷൊർണൂർ റോഡ് നവീകരണവുമായി ബന്ധപ്പെട്ട് സെ. 18 മുതൽ വെള്ളാങ്കല്ലൂർ മുതൽ കോണത്തുകുന്ന് വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തണമെന്ന് കെ. എസ്.ടി.പി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ഈ ദിവസം മുതൽ തൃശൂർ ഭാഗത്തുനിന്ന് കൊടുങ്ങല്ലൂർ ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾ വെള്ളാങ്കല്ലൂർ ബ്ലോക്ക് ജംഗ്ഷനിൽ നിന്നും ഇടത്തോട്ട് തിരിഞ്ഞ് എൻ.ഇ.എസ് ബ്ലോക്ക്, ഹാഷിം നഗർ, പാട്ടേപാടം, പുഞ്ചപ്പറമ്പ് റോഡിലൂടെ സഞ്ചരിച്ച് കോണത്ത്കുന്ന് ജങ്ഷനിലെത്തി യാത്ര തുടരണം. കൊടുങ്ങല്ലൂർ ഭാഗത്തുനിന്നും തൃശൂരിലേക്ക് പോകുന്ന വാഹനങ്ങൾ നിലവിലെ പാതയിലൂടെ തന്നെ സഞ്ചരിക്കേണ്ടതാണ്.

കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP(MV): 1456/2018

Hamsa

-Petitioner

1) Shabiji, S/o. Hamsakutty, Mukriyakath House, Mannalamkunnu, Punnayoor, Thrissur Dit.

2) Sakkaria, S/o. Beeravu, Mukriyakath House, Punnayoor, Thrissur Dit.

-1, 2 Respondents

മേൽ നമ്പ്രിൽ കേസിൽ 1, 2 എതൃകക്ഷികൾക്കുള്ള നോട്ടീസ് പതിച്ചുനടത്തുവാനും പത്രത്തിൽ പരസ്യപ്പെടുത്തുവാനും കൽപ്പിച്ച് മേൽ നമ്പ്രി കേസ് **26-11-2024** തിയ്യതിക്ക് വിചാരണക്ക് വെച്ച വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 14-09-2024

ഹരജിഭാഗം അഡ്വക്കെറ്റ്സ്

പി എസ് ഷോണിത്ത് & പി. ഡി ജോസ്

(ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP(MV): 1195/2022

Rahoof K.U.

-Petitioner

1) Rubeena, D/o. Hamsa, Chullilavalappil House, Pallikkara, Nannamukku P.O., Malappuram, Kerala-679574

2) Nahas, S/o. Sali, Kattumpuram House, Pallikkara, Nannamukku P.O., Malappuram, Kerala-679574

-1, 2 Respondents

മേൽ നമ്പ്രിൽ കേസിൽ 1, 2 എതൃകക്ഷികൾക്കുള്ള നോട്ടീസ് പതിച്ചുനടത്തുവാനും പത്രത്തിൽ പരസ്യപ്പെടുത്തുവാനും കൽപ്പിച്ച് മേൽ നമ്പ്രി കേസ് **09-01-2025** തിയ്യതിക്ക് വിചാരണക്ക് വെച്ച വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 14-09-2024

ഹരജിഭാഗം അഡ്വക്കെറ്റ്സ്

പി എസ് ഷോണിത്ത് & പി. ഡി ജോസ്

(ഒപ്പ്)

ഇരിങ്ങാലക്കുട സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 594

ഇരിങ്ങാലക്കുട

അറിയിപ്പ്

ഇരിങ്ങാലക്കുടസർവ്വീസ്സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ594-ന്റെഗാന്ധിഗ്രാംബ്രാഞ്ചിൽലൂസിഡേവിസ്&ലയസുനീഷ്, "ലയം", മാവേലിഹൗസ്, സ്വീറ്റ് ബസാർ, ഇരിങ്ങാലക്കുട പി.ഒഎന്നപേരിൽ24/12/2019-ൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള 1,50,000/രൂപയുടെസ്ഥിര നിക്ഷേപ രശീതികൾഅക്കൗണ്ട് നമ്പർ 15375, 15376, 15377എന്നിവതിരിച്ചുകിട്ടാത്ത വിധം നഷ്ടപ്പെട്ട് പോയതിനാൽ ഡ്യൂപ്ലിക്കേറ്റ് രശീതികൾക്കായി ബാങ്കിൽ അപേക്ഷിച്ചിട്ടുണ്ട്. ആയതിന് ആർക്കെങ്കിലുംആക്ഷേപമുണ്ടെങ്കിൽ പരസ്യതിയ്യതിമുതൽ 7 ദിവസത്തിനകം ബാങ്കിൽഅറിയിക്കേണ്ടതാണെന്നുംഅല്ലാത്തപക്ഷം ആർക്കുംആക്ഷേപമില്ലെന്ന നിഗമനത്തിൽതുടർനടപടി സ്വീകരിക്കുന്നതാണെന്നും ഇതിനാൽഅറിയിക്കുന്നു.

സെക്രട്ടറി

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

OS: 328/2020

EP: 101/2024

നമിൽ -വിധി ഉടമ